**GAZETTE DATE : 31.12.2024**
**LAST DATE : 29.01.2025**

# CATEGORY NO: 616/2024 - 617/2024

Applications are invited online only by '**One Time Registration**' system exclusively from qualified candidates for selection to the under mentioned post. Applications must be submitted online through the official website of the Kerala Public Service Commission after **One Time Registration.** Candidates who have already registered shall apply through their profile.

| | | | |
|---|---|---|---|
| **1.** | **Department** | **:** | **Animal Husbandry** |
| **2.** | **Name of Post** | **:** | **Livestock Inspector Gr. II /Poultry Assistant/ Milk Recorder / Store Keeper / Enumerator** |
| **3.** | **Scale of Pay** | **:** | **₹ 27,900 - 63,700/-** |
| **4.** | **Method of appointment** | **:** | **Direct Recruitment (From the following two categories only)** |

| Sl No | Category No | Quota |
|---|---|---|
| 1 | 616/2024 | From Open Market |
| 2 | 617/2024 | From Ex-Service Personnel/ Dependents of Ex-Service Personnel and Dependents of Defence Service Personnel |

**5. No. of Vacancies :** **District wise**

**a) Open Quota**

| Sl.No. | Districts | Vacancy |
|---|---|---|
| 1. | Thiruvananthapuram | Anticipated Vacancies |
| 2. | Kollam | |
| 3. | Pathanamthitta | |
| 4. | Alappuzha | |
| 5. | Kottayam | |
| 6. | Idukki | |
| 7. | Eranakulam | |
| 8. | Thrissur | |
| 9. | Palakkad | |
| 10. | Malappuram | |
| 11. | Kozhikode | |
| 12. | Wayanad | |
| 13. | Kannur | |
| 14. | Kasaragod | |

**b) Ex-Service Personnel/ Dependents of Ex-Service Personnel and Dependents of Defence Service Personnel**

| Sl. No. | Name of District | Vacancy |
|---|---|---|
| 1 | Thiruvananthapuram | Anticipated Vacancies |
| 2 | Kollam | |
| 3 | Pathanamthitta | |

| | | |
|---|---|---|
| **4** | **Alappuzha** | |
| **5** | **Kottayam** | **03** |
| **6** | **Eranakulam** | **02** |
| **7** | **Thrissur** | **Anticipated Vacancies** |
| **8** | **Palakkad** | |
| **9** | **Wayanad** | |

i 15% of the total vacancies will be filled up by transfer from any other category in the Subordinate service/Ministerial Service/Last Grade Service of the Animal Husbandry Department and 85% by Direct recruitment. Out of the 85% vacancies reserved for direct recruitment, 10% shall be filled up by the Ex-Service Personnel/Dependents of Ex-Service Personnel/Dependents of Defence Service Personnel as per special rules.

ii Dependents of Ex-Service Personnel/Defence Service Personnel should submit the self attested true copy of the certificate and original of the same from the concerned Tahsildar as and when called for and in the absence of such certificate from the Tahsildar, a certificate, self attested true copies of the same, obtained from the concerned Commanding Officer proving the relationship of the applicant with the Defence Service Personnel, his name, Rank in Military, address in Military etc., will be sufficient.

iii Vacancies reserved for Ex-Service Personnel, Dependents of Ex-Service Personnel and dependents of Defence Service Personnel are ear marked in the following order of priority.

a Ex-service Personnel

b Wives and children of Jawans killed in action/missing.

c Wives and children of Ex-service/Deceased Ex-service Personnel.

d Wives and children of serving Personnel.

e Dependent brothers and sisters of Jawans killed in action.

f Dependent brothers and sisters of Ex-service and serving Personnel.

**Explanation:** Dependents of General Reserve Engineering Force Personnel do not come within the ambit of the expression “DEPENDENTS OF DEFENCE SERVICE PERSONNEL.”

iv Ex-service Personnel / Dependents of Ex-service Personnel / Dependents of Defence Service Personnel can apply against the vacancies in the open quota also, if they are qualified in all ways including the age. They shall submit separate applications for each category.

v Separate Ranked Lists will be prepared for the above Districts in pursuance of this notification. The Ranked Lists thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against aforesaid vacancies and also against the vacancies, if any, reported during the currency of the list.

vi Eligible candidates may apply for all the two aforesaid categories by submitting separate applications. But applications shall not be sent to more than one district. If applications are sent contrary to the above direction, and if he/she is selected his/her name will be removed from the Ranked Lists and disciplinary action will be taken against him/her.

vii The selection in pursuance of this notification will be made on Revenue District basis, subject to the special conditions laid down in G.O.(Ms) No.154/71/PD dated 27.05.1971. A candidate advised for appointment in one Revenue District from the Ranked list prepared is not eligible for transfer to another district unless he/she completes 5 years continuous service from the date of commencement of service in the former District. Even if transfer is allowed after 5 years, it will be subject to the rules in G.O.(P)No.36/91/P&ARD dated 02.12.1991. But as per G.O.(P) No.12/96/P&ARD dated 16.03.1996, the condition of 5 year service is not applicable for the transfer to the districts of Idukki, Wayanad and Kasaragod. This concession will be available only for getting transfer into these Districts, but not for getting transfer out of these Districts and this concession will be granted only once in the career of a Government Servant. Candidates already in Government service holding the same post in any one District are prohibited from applying again for this post, but they can apply to higher posts when notified.

viii Candidates recruited by the Commission shall be appointed to the service provisionally and they shall undergo the Stockman training course/ Livestock Inspector training course. After the successful completion of training, their provisional appointment will be regularized from the date of first appointment treating their training period as regular service. Those who do not complete the course successfully in the first attempt shall be allowed 3 (Three) more chances to complete the course successfully. In the case of candidates who fail to complete the course successfully even in the fourth attempt, their provisional appointment shall be terminated and they shall be discharged from service. There shall be no re-ranking of candidates based on the marks secured by them during the training.

ix Candidate selected will have to execute a bond in the prescribed form to serve the Government of Kerala for a minimum period of 5 years after the regular appointment. Those who leave the service in between or during training are liable to pay for the damage if any fixed by the Government.

x Each trainee will have to produce a certificate (in original) of physical fitness from a Medical Officer not below the rank of Assistant Surgeon. This certificate in original need to be produced as and when called for by the Commission.

**6. Age limit :** **18-36.** Only candidates born between 02.01.1988 and 01.01.2006 (both dates included) are eligible to apply for the post with usual relaxation to Scheduled Caste/Scheduled Tribe and Other Backward Classes candidates.

***Note****: For concessions allowed in upper age limit subject to the condition that the maximum age limit shall in no case exceed 50 years, please see para (2) of the General Conditions under Part II of this notification.*

**7. Qualifications** : A pass in VHSE in Livestock Management

(Link)

EQUIVALENT / HIGHER QUALIFICATION

EQUIVALENT / HIGHER QUALIFICATION

**Note :** i Differently Abled persons are not eligible for appointment to the post.

ii KS&SSR Part II Rule 10(a) (ii) is applicable for selection to the post.

iii All the qualifications for the post must have acquired before the last date of receipt of application.

iv In addition to the qualification prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

**8. Mode of Submitting Application :-**

**(a)** Candidates must register as per "ONE TIME REGISTRATION" with the Official Website of Kerala Public Service Commission **'www.keralapsc.gov.in'** before applying for the post. Candidates who have registered can apply by logging in to their profile using their User-ID and password. Candidates must click on the **`Apply Now'** button of the respective posts in the Notification Link to apply for a post. **Name of the candidate and the date of taking photograph should be printed legibly at the bottom portion of the photograph uploaded in the profile. The photograph once uploaded meeting all requirements shall be valid for 10 years from the date of taking photograph. Candidates who are creating new profile should upload a photograph taken within 6 months.** There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure the correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My Applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The Application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for. The profile correction made by the candidates themselves or in the office of the KPSC on request after the last date fixed for the receipt of application will not reflect in the application. Such corrections will come into effect only on the date on which corrections have been made.

**(b)** If a Written Test/OMR Test/Online Test is conducted as a part of this selection, candidates shall submit a confirmation for writing the examination through their **One Time Registration** profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**(c) Candidates who have AADHAAR card should add AADHAAR card as I.D. Proof in their profile.**

**9. Last date of receipt of application: 29-01-2025 Wednesday** upto 12 Midnight.

(If the said Wednesday is a holiday, the next working day shall be considered as the closing day)

**10. <u>Special Instructions to Candidates</u>**

(i) In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a gazette notification in this regard, along with Non-Creamy Layer Certificate/Community Certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iii) Appropriate disciplinary action as per Rule 22 of Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus claims of qualifications regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

11. **Address to which applications are to be sent : <u>www.keralapsc.gov.in</u>**
[For details including Photo, ID Card etc. please see the General Conditions given in Part II of this notification]

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 616/2024– 617/2024

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന്, യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി **'ഒറ്റത്തവണ രജിസ്ട്രേഷൻ'** ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **മൃഗ സംരക്ഷണം**

2. **ഉദ്യോഗപ്പേര്** : **ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് – II /പൗൾട്രി അസിസ്റ്റന്റ്/ മിൽക്ക് റെക്കോഡർ/ സ്റ്റോർകീപ്പർ/ എന്യൂമറേറ്റർ**

3. **ശമ്പളം** : **₹ 27,900 – 63,700/-**

4. **നിയമന രീതി** : **നേരിട്ടുള്ള നിയമനം (താഴെപ്പറയുന്ന 2 വിഭാഗങ്ങളിൽ നിന്നു മാത്രം)**

| ക്രമ നം. | കാറ്റഗറി നം. | വിഭാഗം |
|---|---|---|
| 1. | 616/2024 | പൊതു വിഭാഗം |
| 2. | 617/2024 | വിമുക്തഭടന്മാർ/ വിമുക്തഭടന്മാരുടെ ആശ്രിതർ/ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർ എന്നിവരിൽ നിന്നും |

5. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

a) **പൊതു വിഭാഗം**

| ക്രമ നം. | ജില്ല | ഒഴിവ് |
|---|---|---|
| 1. | തിരുവനന്തപുരം | |
| 2. | കൊല്ലം | |
| 3. | പത്തനംതിട്ട | |
| 4. | ആലപ്പുഴ | |
| 5. | കോട്ടയം | |
| 6. | ഇടുക്കി | |
| 7. | എറണാകുളം | |
| 8. | തൃശ്ശൂർ | |

| | | |
|---|---|---|
| 9. | പാലക്കാട് | പ്രതീക്ഷിത ഒഴിവുകൾ |
| 10. | മലപ്പുറം | |
| 11. | കോഴിക്കോട് | |
| 12. | വയനാട് | |
| 13. | കണ്ണൂർ | |
| 14. | കാസറഗോഡ് | |

b) <u>വിമുക്തഭടന്മാർ/ വിമുക്തഭടന്മാരുടെ ആശ്രിതർ/ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർ</u>

| ക്രമ നം. | ജില്ല | ഒഴിവുകൾ |
|---|---|---|
| 1. | തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| 2. | കൊല്ലം | |
| 3. | പത്തനംതിട്ട | |
| 4. | ആലപ്പുഴ | |
| 5. | കോട്ടയം | 03 |
| 6. | എറണാകുളം | 02 |
| 7. | തൃശ്ശൂർ | പ്രതീക്ഷിത ഒഴിവുകൾ |
| 8. | പാലക്കാട് | |
| 9. | വയനാട് | |

**<u>കുറിപ്പ് :-</u>**

(i) ആകെ ഒഴിവുകളുടെ 15% മൃഗസംരക്ഷണ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിലോ മിനിസ്റ്റീരിയൽ സർവ്വീസിലോ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ ഉൾപ്പെടുന്ന ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയും ബാക്കിയുള്ള 85% ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നതാണ്. നേരിട്ടുള്ള റിക്രൂട്ട്മെന്റിനായി റിസർവ് ചെയ്തിരിക്കുന്ന 85% ഒഴിവുകളിൽ, 10% വിമുക്തഭടന്മാർ/ വിമുക്തഭടന്മാരുടെ ആശ്രിതർ/ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർ എന്നിവരിൽ നിന്നും നേരിട്ടുള്ള നിയമനത്തിനായി സ്പെഷ്യൽ റൂൾസ് പ്രകാരം സംവരണം ചെയ്തിരിക്കുന്നു.

(ii) വിമുക്തഭടന്മാർ, വിമുക്തഭടന്മാരുടെ ആശ്രിതർ, പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർ എന്നീ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ പ്രസ്തുത ബന്ധം തെളിയിക്കുന്നതിലേയ്ക്ക് സ്ഥലത്തെ തഹസീൽദാരിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ വിമുക്തഭടന്മാർ, പ്രതിരോധ സേനാംഗങ്ങൾ എന്നിവരുമായുള്ള ബന്ധം തെളിയിക്കുന്നതിനും ഇവരുടെ പേര്, സൈന്യത്തിലെ റാങ്ക്, മേൽവിലാസം എന്നീ സൈനിക സേവന വിവരങ്ങളും അടങ്ങിയ, ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന, സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർക്കുമായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കും നികത്തപ്പെടുന്നത്.

(a) വിമുക്തഭടന്മാർ
(b) യുദ്ധത്തിൽ കൊല്ലപ്പെടുകയോ കാണാതാവുകയോ ചെയ്ത ജവാന്മാരുടെ ഭാര്യമാരും കുട്ടികളും.
(c) വിമുക്തഭടന്മാരുടേയും / മരണമടഞ്ഞ വിമുക്തഭടന്മാരുടേയും ഭാര്യമാരും കുട്ടികളും.
(d) സർവ്വീസിലിരിക്കുന്ന ജവാന്മാരുടെ ഭാര്യമാരും കുട്ടികളും.
(e) യുദ്ധത്തിൽ കൊല്ലപ്പെട്ട ജവാന്മാരുടെ ആശ്രിതരായ സഹോദരന്മാരും സഹോദരിമാരും.
(f) വിമുക്തഭടന്മാരുടേയും സർവ്വീസിലിരിക്കുന്ന ജവാന്മാരുടേയും ആശ്രിതരായ സഹോദരന്മാരും സഹോദരിമാരും.

**കുറിപ്പ് :-** ജനറൽ റിസർവ്വ് എഞ്ചിനീയറിംഗ് സേനാംഗങ്ങളുടെ ആശ്രിതർ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതരുടെ പരിധിയിൽ വരുന്നതല്ല.

(iv) വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർക്കും പ്രായപരിധി ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും ഉള്ളപക്ഷം പൊതുവിഭാഗത്തിലെ ഒഴിവുകളിലേക്കും അപേക്ഷിക്കാവുന്നതാണ്. ആയതിലേയ്ക്ക് അവർ പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ, ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(vi) യോഗ്യതയുള്ള പക്ഷം ഉദ്യോഗാർത്ഥികൾക്ക് മേൽ പറഞ്ഞ 2 കാറ്റഗറികളിലേയ്ക്കും വെവ്വേറെ അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഒന്നിൽ കൂടുതൽ ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുന്നതിന് ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71–ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡി–യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991–ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ.(പി)നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(viii) കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾ താൽക്കാലികമായി നിയമിക്കപ്പെടുന്നതും അവരെ സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ് / ലൈവ്സ്റ്റോക്ക് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സിന് പങ്കെടുപ്പിക്കുന്നതും വിജയകരമായി ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരുടെ താൽക്കാലിക നിയമനം അവരുടെ ആദ്യ നിയമനം മുതൽ സ്വീകരിച്ച് പരിശീലനകാലം റഗുലർ സർവീസായി പരിഗണിക്കുന്നതുമാണ്. ആദ്യ പ്രാവശ്യം പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്തവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് മൂന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ പ്രാവശ്യം ഉദ്യോഗാർത്ഥികൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ താൽക്കാലിക നിയമനം റദ്ദു ചെയ്യുന്നതും അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗിന് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു റാങ്കിംഗ് ഉണ്ടായിരിക്കുന്നതല്ല.

(ix) തെരഞ്ഞെടുക്കപ്പെടുന്നപക്ഷം ട്രെയിനികൾ കുറഞ്ഞത് അഞ്ച് വർഷക്കാലമെങ്കിലും കേരള സർക്കാരിന്റെ കീഴിൽ സേവനമനുഷ്ഠിച്ചുകൊള്ളാമെന്ന ഒരു ഉടമ്പടി നിർദ്ദിഷ്ട ഫാറത്തിൽ എഴുതിവയ്ക്കേണ്ടതാണ്. ഈ സേവനകാലത്തിനിടയ്ക്കോ പരിശീലന സമയത്തോ പിരിഞ്ഞുപോകുന്ന ട്രെയിനികൾ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം സർക്കാരിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

(x) ഓരോ ട്രെയിനിയും ശാരീരിക യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങിയ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

6. **പ്രായപരിധി :** **18 – 36.** ഉദ്യോഗാർത്ഥികൾ 02.01.1988 – നും 01.01.2006 – നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും.

**കുറിപ്പ് :–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് (എല്ലാ ഇളവുകളും ഉൾപ്പെടെ) കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) കാണുക.

7. **യോഗ്യതകൾ :–** ലൈവ്സ്റ്റോക്ക് മാനേജ് മെന്റിലുള്ള വി.എച്ച്.എസ്.ഇ. പാസ്സായിരിക്കണം.

(Link)
EQUIVALENT / HIGHER QUALIFICATION

EQUIVALENT / HIGHER QUALIFICATION

കുറിപ്പ് – (i) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(ii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

(iii) എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാന തീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.

(iv) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. **പ്രൊഫൈലിൽ upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനകം എടുത്ത ഫോട്ടോയാണ് upload ചെയ്യേണ്ടത്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളു.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള

സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

(സി) **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**9. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി : 29/01/2025 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ.**

(പ്രസ്തുത ബുധനാഴ്ച അവധി ദിവസമാണെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം അവസാന തീയതിയായി കണക്കാക്കും.)

**<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976-ലെ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**11. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :** www.keralapsc.gov.in

(ഫോട്ടോ, ഐ.ഡി കാർഡ് എന്നിവയുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II-ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി കാണുക).

സാജു ജോർജ്ജ്
സെക്രട്ടറി
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**